പ്രായമുള്ളവരും, 5-ാം വർഷം അപേക്ഷിക്കുന്നവരും പാസ് പോർട്ട് ഹാജരാക്കണമെന്നുള്ളതിനാൽ അവ നേരിട്ടു സ്വീകരിക്കുവാൻ ഹജ്ജ് കമ്മിറ്റി ഓഫീസിൽ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. കവർ നമ്പരുകൾ അയച്ചുകൊടുക്കാൻ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷം കൂടുതൽ ക്വാട്ട അനുവദിച്ചു കിട്ടുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും കേന്ദ്ര സർക്കാരിലും ശക്തമായ സമ്മർദ്ദം സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെലുത്തുന്നുണ്ട്. ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഒരു നിവേദക സംഘം കേന്ദ്ര വിദേശകാര്യ സഹമന്ത്രിയെ നേരിട്ടു കാണുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. അനുകൂലമായ പ്രതികരണമാണ് കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടുള്ളത്.

(സി) കരിപ്പൂർ വിമാനത്താവളത്തിലെ അറ്റകുറ്റപ്പണികൾ ഉടനെ തീരാൻ സാദ്ധ്യതയുള്ളതിനാൽ ഈ വർഷം ഹജ്ജ് വിമാനങ്ങൾ കരിപ്പൂരിൽ നിന്നുതന്നെ ആരംഭിക്കുവാനാവശ്യമായ അനുവാദം നൽകാൻ നടപടികൾ എടുക്കണമെന്ന് വ്യോമയാന മന്ത്രിയോടും മറ്റു ബന്ധപ്പെട്ടവരോടും സംസ്ഥാന ഹജ്ജ് കമ്മിറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്.

സിക്കിൾസെൽ അനീമിയ-ധനസഹായം

241 (626) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിൾസെൽ അനീമിയ രോഗം ബാധിച്ച ആദിവാസി-ഗോത്രവർഗ ജനവിഭാഗങ്ങൾക്ക് മരുന്നും മറ്റു ജീവനോപാധികളും വാങ്ങുന്നതിന് പ്രതിമാസം ആയിരം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്കായി എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചു;

(സി) ധനസഹായം അനുവദിച്ചു തുടങ്ങിയത് എന്നു മുതലാണ്;

(ഡി) എത്ര മാസത്തെ ധനസഹായം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതി നടത്തിപ്പിലേയ്ക്കായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

2012-13	28,36,000
2013-14	1,15,00,000
2014-15	1,20,00,000
2015-16	1,20,00,000

(ബി) 593 പേർക്ക്

(സി) ആഗസ്റ്റ് 2012 മുതൽ

(ഡി) കുടിശ്ശികയില്ല.

ജനനി ജന്മരക്ഷ

242 (627) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) " ജനനി ജന്മരക്ഷാ " പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; എത്രപേർക്കാണ് ഇതിന്റെ ഗുണം ലഭിച്ചത്; എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് "ജനനി ജന്മരക്ഷ" പദ്ധതി. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഗർഭിണികൾക്കും ശിശുക്കൾക്കും ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി പദ്ധതിയിലൂടെ 11850 പേർക്ക് ഗുണം ലഭിച്ചിട്ടുണ്ട്.

ടി പദ്ധതിക്കായി ചുവടെ ചേർത്തിരിക്കും പ്രകാരം സർക്കാർ തുക ചെലവഴിച്ചിട്ടുണ്ട്.

2013-14	415 ലക്ഷം
2014-15	150 ലക്ഷം
2015-16	655 ലക്ഷം
ആകെ	1220 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly